# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ക്രിസ്തു എനിക്കാരാണ് നിനക്കാരാണ്?




ക്രിസ്തു നിനക്കാരാണ്? എനിക്കാരാണ്? ഈ ചോദ്യമാണ് സെന്റ് പീറ്റേഴ്സ് സ്വകയറിൽ തടിച്ചുകൂടിയ വിശ്വാസികളോടായി ഫ്രാൻസിസ് മാർപാപ്പ ചോദിച്ചത്. വിശുദ്ധ യോഹ ന്നാന്റെ സുവിശേഷത്തിൽ യേശു അഞ്ചപ്പവും രണ്ടു മീനും അയ്യായിരം പേർക്കായി വർദ്ധിപ്പിച്ച തിരുവചനഭാഗം വായിച്ച് വചനവ്യാഖ്യാനം നടത്തുകയായിരു ന്നു മാർപാപ്പ. ക്രിസ്തുവിനെ മനസ്സിലാക്കുന്നതിൽ നമ്മൾ പലപ്പോഴും തെറ്റിപ്പോകും. ദൈവികമായ ഉറവിടം, പരിശുദ്ധാത്മാവിന്റെ പ്രവർത്തനം, വിശ്വാസം ഈ മൂന്ന് ഘടകങ്ങളാണ് ക്രിസ്തുവിനെയും അവിടുത്തെ ദൗത്യത്തെയും മനസ്സിലാക്കാൻ നമ്മെ സഹായിക്കു ന്നത്.

വിശ്വാസമില്ലാത്തതുകൊണ്ട് ചില ശിഷ്യന്മാർ അവിടുത്തെ ഉപേക്ഷിച്ചുപോയി. ക്രിസ്തു അവരെ ഒരിക്കലും മൃദുവാക്കുകൾ കൊണ്ട് തിരികെ വിളിക്കുന്നില്ല. യഥാർത്ഥത്തിൽ അവിടുന്ന് നമ്മെ ഒരു കാര്യത്തിലും നിർബന്ധിക്കില്ല. വ്യക്തമായ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം അവിടുന്ന് നമുക്ക് നൽകുന്നുണ്ട്. ഒന്നുകിൽ അവിടു ത്തോടൊപ്പമായിരിക്കാം. അല്ലെങ്കിൽ അവിടുത്തെ വിട്ടുപേക്ഷിച്ചുപോകാം. ദൈവത്തോ ടുള്ള വിശ്വസ്തത മനുഷ്യനോടുള്ള വിശ്വസ്തതയുടെ കാര്യം കൂടിയാണ് മാർപാപ്പാ ഓർമ്മിപ്പിച്ചു. ലോക ത്തിന് ഒരിക്കലും നമ്മുടെ വിശപ്പോ ദാഹമോ മാറ്റാനാവില്ല. നമുക്ക് ക്രിസ്തുവിനെ വേണം. ഓരോ ദിവസവും നാം കുറച്ചുനേര മെങ്കിലും ഈ ചോദ്യം ചോദിക്കണം. ക്രിസ്തു നമുക്കാരാണ്?